# CURRENT AFFAIRS 27 JUNE 2025




**2025ലെ നോർത്ത് അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷൻ (നാറ്റോ) ഉച്ചകോടിക്ക് വേദിയായത്**

ഹേഗ്, നെതർലാൻഡ്സ്

---




**2025-ൽ നിർത്തലാക്കിയ രാജ്യത്തെ ഏറ്റവും വിലയേറിയ സാഹിത്യ പുരസ്കാരം**

ജെസിബി സാഹിത്യ പുരസ്കാരം

- ഇന്ത്യയിലെ സാഹിത്യ കലയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ ജെസിബി ലിറ്ററേച്ചർ ഫൗണ്ടേഷനാണ് പുരസ്കാരം നൽകിയിരുന്നത്.
- 25 ലക്ഷം രൂപ വിലമതിക്കുന്ന വാർഷിക സാഹിത്യ പുരസ്കാരം ഇംഗ്ലീഷിൽ എഴുതിയതോ ഇന്ത്യൻ ഭാഷകളിൽ എഴുതി ഇംഗ്ലീഷിലേക്ക് വിർത്തനം ചെയ്ത ഫിക്ഷൻ കൃതികൾക്കോ ആണ് നൽകിയിരുന്നത്.
- നിലവിലെ ജെസിബി ലിറ്ററി ഡയറക്ടർ - മിതാ കപൂർ
- 2018-ൽ മലയാള സാഹിത്യകാരനായ ബെന്യാമിനായിരുന്നു പ്രഥമ ജെസിബി സാഹിത്യ പുരസ്കാരം. ‘മുല്ലപ്പൂനിറമുള്ള പകലുകൾ’ എന്ന മലയാള നോവലിന്റെ 'ജാസ്മിൻ ഡേയ്സ്' എന്ന പേരിൽ ഷഹനാസ് ഹബീബ് ചെയ്ത ഇംഗ്ലീഷ് വിവർത്തനമാണ് ബഹുമതിക്കർഹമായത്.
- അവസാന പുരസ്കാരം (2024) കരസ്ഥമാക്കിയത് ഉപമന്യു ചാറ്റർജിയുടെ ‘ലോറെൻസോ സെർച്ച്സ് ഫോർ ദി മീനിംഗ് ഓഫ് ലൈഫ്’ എന്ന പുസ്തകമായിരുന്നു.



---




**ഇന്ത്യയിലെ ഏറ്റവും മികച്ച പാസ്പോർട്ട് ഓഫീസിനുള്ള വിദേശകാര്യ മന്ത്രാലയത്തിന്റെ പുരസ്കാരത്തിന് 2025 ൽ അർഹമായത്**

കോഴിക്കോട് റീജിയണൽ പാസ്പോർട്ട് ഓഫീസ്

---

**ഒരു ടെസ്റ്റിലെ രണ്ട് ഇന്നിങ്സിലും സെഞ്ച്വറി നേടുന്ന ആദ്യ ഇന്ത്യൻ വിക്കറ്റ് കീപ്പർ**

ഋഷഭ് പന്ത്

- ഇംഗ്ലണ്ടിനെതിരായ ടെസ്റ്റിലാണ് ഋഷഭ് പന്ത് ഈ നേട്ടം സ്വന്തമാക്കിയത്.
- ലോക ക്രിക്കറ്റിൽ ഒരു ടെസ്റ്റിൽ രണ്ട് സെഞ്ച്വറികൾ സ്വന്തമാക്കുന്ന രണ്ടാമത്തെ വിക്കറ്റ് കീപ്പർ ബാറ്ററാണ് ഋഷഭ് പന്ത്. മുൻ സിംബാബ്‌വെ താരം ആൻഡി ഫ്ലവറാണ് ഈ നേട്ടം ആദ്യം സ്വന്തമാക്കിയത്.



ഋഷഭ് പന്ത്